# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഏപ്രിൽ 3

# വാർത്താക്കുറിപ്പ്

---

## അപേക്ഷ തീയതി നീട്ടി

നാലാം സെമസ്റ്റർ എം.എ./ എം.എസ്‌സി./ എം.കോം/ എം.സി.ജെ./ എം.എം.എച്ച്./ എം.എസ്.ഡബ്ല്യു./ എം.ടി.എ./ എം.ടി.ടി.എം. (2017 അഡ്മിഷൻ റഗുലർ - സി.എസ്.എസ്.) പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള തീയതി നീട്ടി. വിദ്യാർഥികൾക്ക് പിഴയില്ലാതെ ഏപ്രിൽ രണ്ടു മുതൽ അഞ്ചുവരെയും 500 രൂപ പിഴയോടെ ഏപ്രിൽ ഏഴു മുതൽ ഒൻപതുവരെയും 1000 രൂപ സൂപ്പർഫൈനോടെ ഏപ്രിൽ 10 മുതൽ 11 വരെയും കോളേജുകളിൽ അപേക്ഷ നൽകാം. കോളേജുകൾക്ക് പിഴയില്ലാതെ ഏപ്രിൽ ആറുവരെയും 500 രൂപ പിഴയോടെ ഒൻപതുവരെയും 1000 രൂപ സൂപ്പർഫൈനോടെ 11 വരെയും ഓൺലൈൻ രജിസ്‌ട്രേഷൻ നടത്താം.

(പി.ആർ.ഒ./39/665/2019)

## എം.ഫിൽ രണ്ടാം സെമസ്റ്റർ പരീക്ഷ ഏപ്രിൽ 10ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.ഫിൽ 2017-18 ബാച്ചിന്റെ രണ്ടാം സെമസ്റ്റർ പരീക്ഷ ഏപ്രിൽ 10ന് നടക്കും. വിശദവിവരത്തിന് ഫോൺ: 0481-2731042.

(പി.ആർ.ഒ./39/666/2019)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.സി.എ./ഡി.ഡി.എം.സി.എ. ഫെബ്രുവരി/മാർച്ച് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ ഒൻപതു മുതൽ അതത് കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/667/2019)

## എം.ഫിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ വിവിധ എം.ഫിൽ പ്രോഗ്രാമുകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിശദ വിവരത്തിന് ഫോൺ: 0481-2731034.

(പി.ആർ.ഒ./39/668/2019)

## വൈവാവോസി

ആറാം സെമസ്റ്റർ ബി.ബി.എം. (2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) സി.ബി.സി.എസ്.എസ്. യു.ജി. മാർച്ച് 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ഏപ്രിൽ നാല്, അഞ്ച് തീയതികളിൽ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/669/2019)

## പരീക്ഷഫലം

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.കോം (റഗുലർ, ഇംപ്രൂവ്‌മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 17 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/670/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ